**കേരളീയം ഒക്ടോബര്‍ ലക്കത്തില്‍ പ്രസിദ്ധീകരിച്ച 'അസ്ഥാനത്തായ ശരത് സ്മരണ' എന്ന ലേഖനത്തോടുള്ള പ്രതികരണം. അന്തരിച്ച ഡോക്യുമെന്ററി സംവിധായകന്‍ ശരത്ചന്ദ്രന്‍ തുടങ്ങിവച്ചതും സോളിഡാരിറ്റിയുടെ സഹായത്തോടെ പൂര്‍ത്തീകരിച്ചതുമായ കാതിക്കുടം സമര ത്തെക്കുറിച്ചുള്ള 'വരാനിരിക്കുന്ന വസന്തം' എന്ന ഡോക്യുമെന്ററിയില്‍ തെറ്റായ പ്രതിനി ധാനങ്ങള്‍ കടന്നുകൂടി എന്നതിന് മറുപടി പറയുന്നു ഫസല്‍ കാതിക്കോട്**

# അസൂയയും മുന്‍വിധിയും കലര്‍ന്ന വിമര്‍ശനം

കേരളീയം (2010 ഒക്ടോബര്‍)ത്തില്‍ പ്രസിദ്ധീകരിച്ച 'അസ്ഥാനത്തായ ശരത് സ്മരണ' എന്ന നിരീക്ഷണം (?) സോളിഡാരിറ്റിക്കെതിരെയും, ഡോക്യുമെന്ററി സംവിധായകനും അതിന്റെ മറ്റു പ്രവര്‍ത്തകര്‍ക്കുമെതിരെയും ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്.

നിറ്റാ ജലാറ്റിന്‍ കമ്പനിക്കെതിരായ സമരത്തിന്റെ ദൃശ്യഭാഷ്യമൊരുക്കിയ ഡോക്യുമെന്ററി തെറ്റായ പ്രതിനിധാനങ്ങള്‍ കാരണം അപകടകരമായ രീതിയില്‍ അലോസരപ്പെടുത്തലോടെ അവസാനിച്ചു. അനുസ്മരണത്തിനു പകരം ശരത് അവഹേളനമായി. മാധ്യമപ്രവര്‍ത്തനത്തിന്റെ പ്രാഥമിക മൂല്യങ്ങള്‍ തകര്‍ന്നടിഞ്ഞു. നിര്‍മ്മാതാക്കളായ സോളിഡാരിറ്റിയുടെ നോട്ടീസ് ബോര്‍ഡായി ഉപയോഗിച്ചതിനാല്‍ സത്യത്തിന്റെ മുഖം വികൃതമായി. സോളിഡാരിറ്റി സംഘടനാശേഷി പുറത്ത് കാണിക്കാന്‍ ഡോക്യുമെന്ററിയെ ഉപയോഗിച്ചു. അവര്‍ മുഴച്ചു നിന്നു. ആക്ഷന്‍ കൗണ്‍സിലും ഐക്യദാര്‍ഢ്യ പ്രവര്‍ത്തകരും പ്രതിനിധീകരിക്കപ്പെടാതെപോയി. ജനകീയ സമരങ്ങളുടെയും അതിന്റെ മാധ്യമ പ്രതിനിധാനങ്ങളുടെയും രാഷ്ട്രീയം വ്യക്തമായി അറിയാവുന്ന ബാബുരാജിനെയും അമുദനെയും പോലുള്ളവര്‍ പിന്നിലുണ്ടായിട്ടും സോളിഡാരിറ്റിക്ക് അമിത പ്രാധാന്യം കിട്ടി. സംവിധായകനും മറ്റു പ്രവര്‍ത്തകര്‍ക്കും സമരത്തിന്റെ ശരിയായ ദൃശ്യപ്രതിനിധാനങ്ങള്‍ കണ്ടെത്താന്‍ കഴിയാതെ പോയി എന്നിങ്ങനെ തുടങ്ങി സമരത്തിന്റെ ഭാഗമായി നടക്കുന്ന പരിപാടികളിലെല്ലാം ഡോളിഡാരിറ്റി മാത്രം എന്ന് ഉളുപ്പില്ലാതെ പറയുന്നതിലെ ജനാധിപത്യവിരുദ്ധത സോളിഡാരിറ്റിയുടെ ഘടനാപരമായ പ്രശ്നമാണ്. ജനാധിപത്യമായ സംവാദങ്ങള്‍ക്ക് തയ്യാറാകാത്ത ഫാസിസ്റ്റ് ഘടനയുടെ പ്രതിഫലനം കൂടിയാണ് ഈ ഡോക്യുമെന്ററിയിലെ സോളിഡാരിറ്റി തുടങ്ങിയ അതീവ ഗുരുതരവും നിരുത്തരവാദപരവുമായ വിദ്വേഷ പ്രസ്താവനകള്‍ കൂടി ഈ നിരീക്ഷണം ഉള്‍ക്കൊള്ളുന്നു. വിദ്വേഷവിഷം

പരക്കുന്നത് ഒട്ടും കുറയരുതെന്ന നിർബന്ധബുദ്ധിയോടെ, ഗൂഢതാൽപ്പര്യങ്ങളോടെയാണ് സോളിഡാരിറ്റി ജനകീയ സമരങ്ങളിൽ ഇടപ്പെടുന്നത് എന്നൊരു വാദം സജീവമായുണ്ട് എന്നൊരു വാചകം കൂടി പൂച്ച പാലു കുടിക്കുന്നതുപോലെ കണ്ണുമടച്ച് തട്ടിവിടുന്നു ഹർഷാദ് എന്നൊരു കള്ളപ്പേരിൽ ഒളിഞ്ഞിരുന്ന് കല്ലെറിയുന്ന ലേഖകൻ.

സുഹൃത്തുക്കളേ, ഈ ആരോപണങ്ങളുടെ വാസ്തവമെന്താണ്! 35 മിനുട്ടാണ് ഡോക്യുമെന്ററിയുടെ ആകെ സമയം. ഇതിൽ സോളിഡാരിറ്റിയുടെ സംസ്ഥാന സെക്രട്ടറി കാതിക്കുടത്തെക്കുറിച്ച് രണ്ട് തവണയായി പറയുന്നത് ആകെ 47 സെക്കന്റ് മാത്രം. സംസ്ഥാന വൈസ് പ്രസിഡണ്ട് ഒരു പൊതു പരിപാടിയിൽ സംസാരിക്കുന്നത് 56 സെക്കന്റ്. ഇത് കൂടാതെ സോളിഡാരിറ്റി സംഘടിപ്പിച്ച ഐക്യദാർഢ്യസംഗമത്തിൽ ചാരു നിവേദിത 34 സെക്കന്റ് സംസാരിക്കുന്നുണ്ട്. സ്റ്റേജ് മുഴുവൻ കാണിക്കാത്തതിനാൽ ഈ പരിപാടി സോളിഡാരിറ്റി സംഘടിപ്പിച്ചതാണെന്ന് അറിയുകപോലുമില്ല. തുടർന്ന് നടന്നു പൊതുപരിപാടിയിൽ കുസുമം ജോസഫിന്റെ ഉശിരൻ വാചകങ്ങൾ ഒരു മിനുട്ട് 17 സെക്കന്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതും സോളിഡാരിറ്റി സംഘടിപ്പിച്ചതാണെന്ന് അറിയുന്ന അടയാളങ്ങളൊന്നുമില്ലാതെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ഡോക്യുമെന്ററിയുടെ തുടക്കത്തിലും അവസാനത്തിലും അനേകം ടൈറ്റലുകളുടെ കൂട്ടത്തിൽ നിർമ്മിച്ചത് സോളിഡാരിറ്റിയാണെന്ന് എഴുതിക്കാണിക്കുന്നുണ്ട്, കഴിഞ്ഞു. സത്യത്തിന്റെ മുഖം വികൃതമാക്കി മുഴച്ചുനിന്ന സോളിഡാരിറ്റിയുടെ ഇടപെടൽ! സോളിഡാരിറ്റിയുടേതാണെന്ന് കൃത്യമായും തിരിച്ചറിയാവുന്ന രംഗങ്ങൾ ആകെ ഒരു മിനുട്ട് 43 സെക്കന്റ് മാത്രം. സോളിഡാരിറ്റിയുടെ എല്ലാ പരിപാടികളുടെയും കൂടി ദൃശ്യങ്ങൾ മൂന്ന് മിനുട്ട് 36 സെക്കന്റുകൾ മാത്രം. 35 മിനുട്ട് ഡോക്യുമെന്ററിയിൽ 12 മിനുട്ടിലേറെ പ്രദേശവാസികളും ആക്ഷൻ കൗൺസിൽ പ്രവർത്തകരും സംസാരിക്കുന്നതാണ്. സുകുമാർ അഴീക്കോടും സാറാജോസഫും എൻ. മാധവൻ കുട്ടിയും സി.ആർ. നീലകണ്ഠനുമെല്ലാം ചേർന്ന് നാല് മിനുട്ടിലേറെ സംസാരിക്കുന്നുണ്ട്.




**ആയിരക്കണക്കിന് ചെറുപ്പക്കാരെ മനുഷ്യനോടും പ്രകൃതിയോടും ലോകത്തോടാകെയും ഗുണകാംക്ഷയുള്ളവരാക്കി മാറ്റുകയും ജനാധിപത്യ, മതനിരപേക്ഷ, സംവാദാത്മക, മനസ്സുള്ളവരാക്കി മാറ്റുകയും ചെയ്തുഎന്നതാണ് സോളിഡാരിറ്റി നിർവഹിച്ച ദൗത്യം. ഇതേ പണിതന്നെ ഹ്യൂമണിസ്റ്റുകളും പോസ്റ്റ് മോഡേണിസ്റ്റുകളും സോഷ്യലിസ്റ്റുകളും മറ്റു സംഘങ്ങളുമൊക്കെ ചെയ്യുമ്പോൾ തോന്നാത്ത അസഹിഷ്ണുത സോളിഡാരിറ്റി ചെയ്യുമ്പോൾ തോന്നുന്നത് വേറെ രോഗമാണ്**

ഇനി ഈ പരിമിതമായ സമയം തന്നെ സോളിഡാരിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടികൾക്ക് ലഭിച്ചതിൽ സോളിഡാരിറ്റിയുടെ പങ്കെന്താണ്? കാതിക്കുടം സമരസമിതി ഒരു ഡോക്യുമെന്ററി നിർമ്മിക്കാൻ നേരത്തെ തീരുമാനിച്ചിരുന്നു. അതിനായി ശരത്തിനെ ചുമതലപ്പെടുത്തിയിരുന്നു. സാമ്പത്തിക കാരണങ്ങളാൽ സമരസമിതിക്ക് അത് പൂർത്തീകരിക്കാനാവില്ല എന്ന് ബോധ്യപ്പെട്ടപ്പോൾ സോളിഡാരിറ്റിയോട് അതേറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടു. ഞങ്ങളാവട്ടെ, 2009 ജൂണിൽ ദ്വിവർഷപരിപാടി തയ്യാറാക്കിയപ്പോൾത്തന്നെ കാതിക്കുടത്തിന് വേണ്ടി ഡോക്യുമെന്ററി നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. സമരസമിതി അത് ചെയ്യാൻ തീരുമാനിച്ചപ്പോൾ ഞങ്ങളുടെ പദ്ധതി ഉപേക്ഷിച്ചതായിരുന്നു. ഞങ്ങൾ ശരതുമായി സംസാരിച്ച് അതേറ്റെടുത്തു. പണി പാതി വഴിയിലായിരിക്കെ ശരത് വിധിയുടെ വിളികേട്ട് നമ്മെ വിട്ടുപിരിഞ്ഞു. അങ്ങിനെയിരിക്കെ ബാബുരാജ് എഴുതിയ ഒരു ശരത് അനുസ്മരണ ലേഖനത്തിൽ ശരത് ചെയ്തുകൊണ്ടിരുന്ന ജോലികൾ ഏറ്റെടുത്ത് പൂർത്തീകരിക്കാൻ തീരുമാനിച്ചതായി അറിയിച്ചിരുന്നു. അതനുസരിച്ച് ഞങ്ങൾ ബാബുരാജുമായി ബന്ധപ്പെട്ട് വർക്ക് തുടരുന്നതിന് സന്നദ്ധത അറിയിച്ചു. 2010 മെയ് അവസാനം ചാലക്കുടി ദിശ ഓഡിറ്റോറിയത്തിൽ സോളിഡാരിറ്റി ചാലക്കുടി ഏരിയ നടത്തിയ ശരത് അനുസ്മരണത്തിൽ പങ്കെടുക്കാൻ ബാബുരാജും അമുദനുമടക്കമുള്ളവർ എത്തിയിരുന്നു. അവിടെ വച്ച് ഡോക്യുമെന്ററി നിർമ്മാണം മുന്നോട്ടു കൊണ്ടുപോകാൻ ബാബുരാജിനെയും ടീമിനെയും ഔപചാരികമായി ഏൽപ്പിച്ചു. അതിന്റെ ചെലവുകളെക്കുറിച്ചും മറ്റും സംസാരിച്ച കൂട്ടത്തിൽ ഞങ്ങൾ ആവശ്യപ്പെട്ട പ്രധാന സംഗതി, ഈ ഡോക്യുമെന്ററി കാതിക്കുടം സമരത്തെക്കുറിച്ചറിയാൻ ആഗ്രഹിക്കുന്നവർക്കെല്ലാം വ്യക്തമായ ജ്ഞാനംനൽകാൻ പര്യാപ്തമാവുന്ന വിധത്തിൽ പ്രൊഫഷണൽ സ്വഭാവത്തിലുള്ളതായിരിക്കണമെന്ന്. ഇത്ര കൂടി ഞങ്ങൾ വ്യക്തമായി അവരോട് പറഞ്ഞു. സോളിഡാരിറ്റി നിർമ്മിക്കുന്നു എന്നതിനാൽ ഇതിൽ സോ

ളിഡാരിറ്റിക്ക് പ്രാധാന്യമുണ്ടാവരുത്. സോളിഡാരിറ്റിക്ക് എത്ര പ്രാധാന്യം കാതിക്കുടത്തുണ്ടോ അത്ര മാത്രമേ ഡോക്യുമെന്ററിയിലും ഉണ്ടാവാൻ പാടുള്ളൂ. ആരോപണങ്ങൾ മുൻകൂട്ടി കണ്ടാലെന്നപോലെ ഇക്കാര്യങ്ങൾ അന്നേ പറയാൻ ഞങ്ങൾക്ക് സാധിച്ചതിൽ ഇപ്പോൾ അത്ഭുതമാണ് തോന്നുന്നത്.

വാസ്തവത്തിൽ ഞങ്ങളുടെ ഇടപെലുകളിൽ ബാബുരാജും സുഹൃത്തുക്കളും ഏറെ സംതൃപ്തരായിരുന്നു. കാതിക്കുടം സമരസമിതി കൂടുതൽ ഇടപെടുന്നു എന്നൊരു മൃദുലമായ പരിഭവം ബാബുരാജ് പങ്കുവെച്ചതും ഓർക്കുന്നു. വസ്തുത ഇതായിരിക്കെ നിരീക്ഷകൻ ഊഹിച്ചു പറയുന്നത് ആക്ഷൻ കൗൺസിലും ഐക്യദാർഢ്യപ്രവർത്തകരും സോളിഡാരിറ്റിയുടെ ഇടപെടൽ മൂലം പ്രതിനിധീകരിക്കപ്പെടാതെ പോയി എന്നാണ്. ഒരു കാര്യം സമ്മതിക്കുന്നു. സമരത്തെ സഹായിക്കുന്ന ഒരു സംഘടന എന്ന നിലയിൽ ഡോക്യുമെന്ററിയിൽ മറ്റു സംഘടനകളെക്കാളും പ്രാധാന്യം സോളിഡാരിറ്റിക്ക് ലഭിച്ചിട്ടുണ്ട്. അതിനുകാരണം അവിഹിത ഇടപെടലല്ല. യഥാർത്ഥ പങ്കാളിത്തം തന്നെയാണ്. കാതിക്കുടം സമരം പുതിയ സമരസമിതി ഏറ്റെടുത്ത് ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ സോളിഡാരിറ്റി അവിടെ സജീവസാന്നിദ്ധ്യമായി. അതിനുവേണ്ടി ആളും അർത്ഥവും ചെലവഴിച്ച് പ്രവർത്തിച്ചു. എടുത്തുപറയാവുന്ന പരിപാടികൾ നടത്തി. അതിരപ്പിള്ളിയിലും തൃശൂരുമൊക്കെ പ്രവർത്തിച്ചുകൊണ്ടിരുന്ന ആക്ടിവിസ്റ്റുകളും ഗ്രൂപ്പുകളും വൈകി മാത്രമാണ് കാതിക്കുടത്തെ ശ്രദ്ധിച്ചത്. എന്നു മാത്രമല്ല, അവരുടെ ഇടപെടലുകളും പരിമിതമായിരുന്നു. ചിലർക്ക് സമരസമിതി ഉയർത്തിയ കമ്പനി അടച്ചുപൂട്ടുക എന്ന ലക്ഷ്യത്തോട് തന്നെ ആദ്യഘട്ടത്തിൽ യോജിക്കാൻ സാധിച്ചിരുന്നില്ല. തൃശൂരിൽ സമരസഹായസമിതി നിലവിൽ വന്നത് കഴിഞ്ഞ വർഷമാണ്. സമരസഹായ സമിതിക്ക് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ ഇനിയും സാധിച്ചിട്ടില്ല. ഭാവിയിൽ അതുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ചുരുക്കത്തിൽ ഡോക്യുമെന്ററിയിൽ സോളിഡാരിറ്റിയുടെ പരിമിതമായ സാന്നിദ്ധ്യം തികച്ചും സ്വാഭാവികമായി ഉണ്ടായതാണ്.

ആരോപണങ്ങളുന്നയിച്ച് ആഘോഷിക്കുന്ന ലേഖകന് മത്തുപിടിച്ച് കാടുകയറുമ്പോൾ പൂച്ചു പുറത്തു ചാടുന്നുണ്ട്. സോളിഡാരിറ്റിയുടേത് ജനാധിപത്യപരമായ സംവാദങ്ങൾക്ക് തയ്യാറാകാത്ത ഫാസിസ്റ്റ് സംഘടനയാണ്, ജനാധിപത്യവിരുദ്ധത തങ്ങളുടെ ഘടനാപരമായ പ്രശ്നമാണെന്ന് സോളിഡാരിറ്റി തിരിച്ചറിയണം തുടങ്ങിയ ലേഖകന്റെ അന്ധമായ കടുത്ത മുൻവിധികളാണ് ലേഖനത്തിന്റെ പിന്നിലും സോളിഡാരിറ്റിക്ക് ഡോക്യുമെന്ററിയിൽ കൂടുതൽ ഇടം കിട്ടിയതായി അനുഭവപ്പെടുന്നതിന്റെം പിന്നിലും പ്രവർത്തിച്ചതെന്ന് തിരിച്ചറിയാൻ കൂടുതൽ ചിന്തിക്കേണ്ടതില്ല. സോളിഡാരിറ്റിയുടെ അസ്തിത്വം തന്നെയാണ് ലേഖകന് അലോസരം. ഇതേ ഡോക്യുമെന്ററിയെ കുറിച്ച് മാധ്യമം ആഴ്ച്ചപതിപ്പിൽ പി.ടി. രവിശങ്കർ എഴുതിയ റിവ്യൂവിൽ ഹർഷാദ് പറയുന്ന ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് സൂചനകൾപോലും കാണാത്തതിൽ അദ്ദേഹത്തിന് അതിയായ പരിഭവമുണ്ട്. സ്വന്തം മാധ്യമം വാരികയിൽ അതിജീവനസമരങ്ങളുടെ ജയപരാജയങ്ങൾ തൂക്കിനോക്കുന്ന ചിത്രം എന്ന് എഴുതിവിടുന്നത് സോളിഡാരിറ്റി ഇടപെട്ട് തടയണമെന്നായിരുന്നുവത്രെ. മാധ്യമത്തെക്കുറിച്ചും അതിന്റെ പ്രചോദനകേന്ദ്രങ്ങളെക്കുറിച്ചും ഉള്ള ഈ അജ്ഞത സഹതാപാർഹം. മാധ്യമവുമായി അല്പമെങ്കിലും പരിചയമുള്ളവർ ഇതു കേട്ടാൽ പൊട്ടിച്ചിരിക്കാതിരിക്കില്ല. താങ്കൾക്കുള്ള മുൻവിധികൾ ജയമോഹനില്ലാത്തതിനാൽ അദ്ദേഹം ക്ഷീരമുള്ളൊരകിടിൽ ചോരകണ്ടെത്തിയില്ല എന്നു മാത്രം പറയട്ടെ.

ആയിരക്കണക്കിന് ചെറുപ്പക്കാരെ മനുഷ്യനോടും പ്രകൃതിയോടും ലോകത്തോടാകെയും ഗുണകാംക്ഷയുള്ളവരാക്കി മാറ്റുകയും ജനാധിപത്യ, മതനിരപേക്ഷ, സംവാദാത്മക, മനസ്സുള്ളവരാക്കി മാറ്റുകയും ചെയ്തു എന്നതാണ് സോളിഡാരിറ്റി നിർവഹിച്ച ദൗത്യം. ഇതേ പണിതന്നെ ഹ്യൂമണിസ്റ്റുകളും പോസ്റ്റ് മോഡേണിസ്റ്റുകളും സോഷ്യലിസ്റ്റുകളും മറ്റു സംഘങ്ങളുമൊക്കെ ചെയ്യുമ്പോൾ തോന്നാത്ത അസഹിഷ്ണുത സോളിഡാരിറ്റി ചെയ്യുമ്പോൾ തോന്നുന്നത് വേറെ രോഗമാണ്.

സോളിഡാരിറ്റിയുടെ മേൽ ഒരാളും ആരോപിക്കാത്ത ജനാധിപത്യ വിരുദ്ധതയെക്കുറിച്ചും ഫാസിസ്റ്റ് സംഘടനയെക്കുറിച്ചും ലേഖകൻ വിശദീകരണം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ആശയത്തിലോ പ്രയോഗത്തിലോ എവിടെയാണ് ജനാധിപത്യവിരുദ്ധമായത് ? ഫാസിസമായത്? സോളിഡാരിറ്റിയുമായി കേരളത്തിലെ ഏതാണ്ടെല്ലാ പ്രമുഖ ആക്ടീവിസ്റ്റുകളും സഹകരിച്ചുകൊണ്ടിരിക്കുന്നു. അവരൊന്നും ലേഖകൻ കണ്ടെത്തിയ ഈ നീചസംഘടന സോളിഡാരിറ്റിയിൽ ദർശിച്ചിട്ടില്ല. സമരങ്ങളിലൂടെയും സേവനങ്ങളിലൂടെയും സോളിഡാരിറ്റിയുമായി ബന്ധം സ്ഥാപിച്ച ലക്ഷക്കണക്കിന് മനുഷ്യരിലൊരാൾക്കുപോലും ഇത് അനുഭവപ്പെടാറില്ല. ഇവരെയെല്ലാം കൊഞ്ഞനംകുത്തി വിഡ്ഢികളാക്കിക്കൊണ്ട് ഈ ലേഖകൻ മാത്രം ഇത് കണ്ടെത്തിയതെവിടെ നിന്ന്? ഇതു സംബന്ധമായി ഒരു സംവാദത്തിന് ലേഖകൻ തയ്യാറാകുമോ ?

ജനാധിപത്യ വിരുദ്ധത സോളിഡാരിറ്റിയുടെ ഘടനാപരമായ പ്രശ്നമാണെന്നും സോളിഡാരിറ്റിയുടേത് ഫാസിസ്റ്റ് ഘടനയാണെന്നും ആരോപിക്കുന്നവർ ഏറ്റവും മിനിമം മര്യാദയായ ആരോപിതനോടുള്ള അന്വേഷണം എന്തുകൊണ്ട് നടത്തിയില്ല? ഇതേ ലക്കം കേരളീയത്തിലെ ഒന്നാമത്തെ ലേഖനം പത്ര പ്രവർത്തനത്തിന്റെ നൈതികത ചർച്ച ചെയ്യുന്നതാണ്. എക്സ്പ്രസ് ദിനപത്രം ഊഹങ്ങളിൽ അധിഷ്ഠിതമായ വാർത്തകൾ തമസ്കരിച്ചതിന്റെ കഥകൾ വിവരിക്കുന്ന ലേഖനം പ്രസിദ്ധീകരിച്ച ശേഷം ദുഷ്ടലാക്കോടെയുള്ള ഈ ലേഖനം പ്രസിദ്ധീകരിച്ച കേരളീയവും പ്രതിക്കൂട്ടിലായിരിക്കുന്നു. വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതിനായി ഈ ലേഖനത്തിന്റെ മറുപടി ബാബുരാജ് പറയുന്നു എന്ന് ധ്വനിപ്പിക്കുന്ന രീതിയിൽ ലേഖനത്തിനു താഴെ



**സോളിഡാരിറ്റിയുടെ മേൽ ഒരാളും ആരോപിക്കാത്ത ജനാധിപത്യ വിരുദ്ധതയെക്കുറിച്ചും ഫാസിസ്റ്റ് സംഘടനയെക്കുറിച്ചും ലേഖകൻ വിശദീകരണം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ആശയത്തിലോ പ്രയോഗത്തിലോ എവിടെയാണ് ജനാധിപത്യവിരുദ്ധമായത് ? ഫാസിസമായത്? സോളിഡാരിറ്റിയുമായി കേരളത്തിലെ ഏതാണ്ടെല്ലാ പ്രമുഖ ആക്ടിവിസ്റ്റുകളും സഹകരിച്ചുകൊണ്ടിരിക്കുന്നു. അവരൊന്നും ലേഖകൻ കണ്ടെത്തിയ ഈ നീചസംഘടന സോളിഡാരിറ്റിയിൽ ദർശിച്ചിട്ടില്ല. സമരങ്ങളിലൂടെയും സേവനങ്ങളിലൂടെയും സോളിഡാരിറ്റിയുമായി ബന്ധം സ്ഥാപിച്ച ലക്ഷക്കണക്കിന് മനുഷ്യരിലൊരാൾക്കുപോലും ഇത് അനുഭവപ്പെടാറില്ല**

തന്നെ പരസ്യം നൽകിയിരിക്കുന്നു. ഇതിന്റെ വാസ്തവമെന്താണ്? ബാബുരാജ് ഈ ലേഖനം കാണുകയോ വായിക്കുകയോ ചെയ്യുന്നതിനു മുമ്പ് ഇത്തരമൊരു ലേഖനം തന്റെ ഡോക്യുമെന്ററിയെക്കുറിച്ച് വന്നിട്ടുണ്ടെന്ന് അറിയിക്കാതെ തന്നെ അദ്ദേഹവുമായി ഒരു ഇന്റർവ്യൂ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ലേഖനം തയ്യാറാക്കി അടുത്ത ലക്കത്തിൽ വരുമെന്ന് പരസ്യം നൽകുകയുമാണ് കേരളീയം ചെയ്തത്. ലേഖനത്തിന് ശരിയായ മറുപടി നൽകാൻ ബാബുരാജിന് അവസരം നൽകാതിരിക്കാൻ നേരത്തെ പ്ലാൻ ചെയ്ത കുതന്ത്രമാണിത്. ഇതിനെയല്ലേ ജനാധിപത്യവിരുദ്ധതയെന്നും ഫാസിസമെന്നും വിളിക്കേണ്ടത്. മാധ്യമ നൈതികതയെക്കുറിച്ച് ആമുഖ ലേഖനം! കേരളീയത്തിൽ നിന്ന് ഞങ്ങൾ ഇതൊട്ടും പ്രതീക്ഷിച്ചില്ല. ബാബുരാജ് തന്നെ ഞങ്ങളോട് വെളിപ്പെടുത്തിയതാണാ കേരളീയത്തിന്റെ ഈ അഭ്യാസം.

വസ്തുതകൾ ഇതായിരിക്കെ ഞങ്ങൾക്ക് ചോദിക്കാനുള്ളത് ഇതാണ്. നമ്മൾ തമ്മിൽ ഇതുവേണോ സുഹൃത്തുക്കളെ? നമ്മളാരും മുഖ്യധാരയിൽ അംഗീകരിക്കപ്പെടുന്നവരല്ല. പ്രമുഖ രാഷ്ട്രീയ സാമൂഹ്യകക്ഷികളും അവരെ പിന്താങ്ങുന്ന മധ്യവർഗമോഹങ്ങൾ സൂക്ഷിക്കുന്ന വലിയൊരു വിഭാഗം ജനങ്ങളും ഇത്തരം കൂട്ടായ്മകളെയും പ്രവർത്തകരെയും പുച്ഛത്തോടെ വീക്ഷിക്കുന്നവരാണ്. വികസന വിരുദ്ധർ, വഴിമുടക്കികൾ,മെത്തയിലെ മൂട്ടകൾ എന്നൊക്കെ നമ്മെ അപഹസിക്കുന്നവരാണ്. ഇതിനിടയിൽ മനുഷ്യനും പ്രകൃതിക്കും നീതിക്കും വേണ്ടി പോരാടുന്ന നമുക്ക് ഭാരിച്ച ജോലിയാണ് ചെയ്തുതീർക്കാനുള്ളത്. ത്യാഗവും സഹനവും കഠിനാദ്ധ്വാനവും അത് ആവശ്യപ്പെടുന്നു. ഒട്ടു സാംഗത്യമില്ലാത്ത വിമർശനങ്ങൾ വഴി ഭിന്നതകൾ സൃഷ്ടിക്കുന്നതിനുമുമ്പ് എന്തുകൊണ്ട് സോളിഡാരിറ്റിയോട് ഒന്നന്വേഷിച്ചില്ല. നിർഭാഗ്യവശാൽ ഇത് സന്തോഷിപ്പിക്കുക എൻ.ജി.ഐ.എൽ കമ്പനിയെയും അതിന്റെ പിണിയാളുകളെയുമാരിക്കും. ഇത് ഏറ്റുപിടിക്കാനും പ്രചരിപ്പിക്കാനും ഇവിടെ ചില വിഭാഗങ്ങൾ ചാടിവീണത് ലേഖകനും കേരളീയവും അറിഞ്ഞിരിക്കും. പോപ്പുലർ ഫ്രന്റിന്റെ തേജസ് ദിനപത്രം ഇതിനെ അവലംബമാക്കി വിശദമായ വാർത്ത പ്രസിദ്ധീകരിച്ചു. ഭിന്നിപ്പിന്റെ അവസരം അർമാദിച്ച് ഉപയോഗിച്ചു. ഹർഷാദിന്റെ ലൈൻ കടമെടുത്താൽ കേരളീയവും തേജസും ഒരേ തൂവൽ പക്ഷികളാണെന്ന് ആരോപിക്കാൻ ഇത് തന്നെ ധാരാളം . അത് ചെയ്യാനുള്ള കാപട്യം ഏതായാലും ഞങ്ങൾക്കില്ല. സംവാദത്തിന്റെ വാതിലുകൾ തുറന്നുകൊണ്ട് പ്രതിരോധങ്ങളെ നമുക്ക് ശക്തമാക്കാം. ഊഹങ്ങളിൽ നിന്നും അസൂയകളിൽ നിന്നും ആരോപണങ്ങൾ ഉന്നയിക്കുന്നത് ഒഴിവാക്കുകതന്നെവേണം.

*സോളിഡാരിറ്റി തൃശൂർ ജില്ല*
*സെക്രട്ടറിയറ്റ് അംഗം.*
*ഫോൺ : 9995203933*

With best compliments from

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com